**തദ്ദേശ സ്വയം ഭരണ വകുപ്പ് സിറ്റിസൺ അസിസ്റ്റന്റ് - സ്ഥിരം അദാലത്ത് സംവിധാനം -**

**ഉപജില്ലാ തല അദാലത്ത് സമിതി (എറണാകുളം -1) യുടെ നടപടി ക്രമം**

(ഹാജർ - രാജേഷ് വി. എസ്)

പരാമർശം - ശ്രീ. രവീന്ദ്രൻ.എൻ. ആർ-ന്റെ അപേക്ഷ.

**ഉത്തരവ് നമ്പർ - IVOC2/9847/2013(4)** **തീയതി - 23.11.2023**

ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന കീച്ചേരി വില്ലേജിലെ സർവ്വേ 4/4-ൽ ഉൾപ്പെടുന്ന തന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അംഗീകൃത നമ്പറുകളുള്ള 3 കെട്ടിടങ്ങൾ നിലവിലുള്ളതാണെന്നും, ഇവിടെ സമാനമായ പുതിയ നിർമ്മാണത്തിന് 8 മാസം മുമ്പ് സമർപ്പിച്ച കെട്ടിട നിർമ്മാണ അപേക്ഷ KCZMA-യുടെ അംഗീകാരത്തിന് 24.08.2023-ന് അയക്കുകയും ഇതിന് 26.09.2023-ൽ KCZMA സെക്രട്ടറിക്ക് നല്കിയ കത്തിൽ വിവിധ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്ന് പരാതിക്കാരൻ ബോധിപ്പിച്ചിരുന്നു. എന്നാൽ നിർമ്മാണാനുമതി ആവശ്യമുള്ള കെട്ടിടങ്ങൾ HTL-ൽ നിന്ന് കരയിലേക്ക് 100 മീറ്ററിൽ കൂടുതൽ അകലത്തിലായതിനാൽ KCZMA-യുടെ അനുമതി ആവശ്യമില്ലെന്നാണ് പരാതിക്കാരൻ ഉന്നയിച്ചത്.

2011-ലെ CRZ വിജ്ഞാപന പ്രകാരം കടലൊഴികെയുള്ള വേലിയേറ്റ വേലിയിറക്കമുള്ള ജലാശയങ്ങളുടെ HTL-ൽ നിന്നും കരഭാഗത്തേക്ക് 100 മീറ്ററോ, ജലാശയത്തിന്റെ വീതിയോ, ഏതാണോ കുറവ് അതാണ് No Development Zone അനുമതിയ്ക്കായി അപേക്ഷിച്ചിരിക്കുന്ന നിർമ്മാണം No Development Zone-ലാണോ അല്ലയോയെന്നതു സംബന്ധിച്ച് 15.12.2023-നകം പഞ്ചായത്ത് പുനഃപരിശോധന നടത്താൻ സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. ഈ പുനഃപരിശോധനയുടെ തീരുമാനം 20.12.2023-നകം പരാതിക്കാരനേയും അദാലത്തിനേയും അറിയിക്കേണ്ടതാണ്.

**രാജേഷ് . വി. എസ്.**
**ഇന്റേണൽ വിജിലൻസ് ഓഫീസർ**
**തദ്ദേശസ്വയം ഭരണ വകുപ്പ്**
**എറണാകുളം**